# ബീവറുകൾ

ഹാറൂൻ യഹ്‌യ



**BEEVARUKAL** *(Malayalam)*
*(Zoological Science)*
*Original* : **Skillfull Dam Builders Beavers** *(English)*
By HARUN YAHYA
*Translator:* *Mahaboobrahman Pookotoor*
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail : iphdir@eth.net
First Edition : May 2006
Printers: Printarts offset, Feroke
Rights with the Publishers
**Distribution:**
**I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@eth.net**
**I.P.H, M.P. Road, Kozhikode - 673 001**
**I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034**
**I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35**
**I.P.H, I.P.H. Tower, P.O. Road, Thrissur-1**
**I.P.H, E.34/236, Opp.Noor Masjid, Kannur-1**

**Price Rs : 40.00**

BEL Sub 59, SN 491/3000 ISBN 81-8271-217-3

## ഹാറൂൻ യഹ്‌യ

തുർക്കി എഴുത്തുകാരൻ. 1956-ൽ അങ്കാറയിൽ ജനിച്ചു. ഇസ്തംബൂളിലെ മിഅ്മാർ സിനാൻ യൂനിവേഴ്സിറ്റി, ഇസ്തംബൂൾ യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് ആർട്സിലും ഫിലോസഫിയിലും ഉന്നത ബിരുദങ്ങൾ നേടി. മതം, രാഷ്ട്രീയം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അനേകം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. വിശ്രമമില്ലാത്ത തൂലികയുടെ ഉടമയാണദ്ദേഹം. ഗഹനമായ വിഷയങ്ങൾ ലളിതമായും മനോഹരമായും അവതരിപ്പിക്കുന്ന രചനാപാടവം ലോകമെമ്പാടും വലിയൊരു വായനാ സമൂഹത്തെ ഹാറൂൻ യഹ്‌യക്ക് നേടിക്കൊടുത്തിട്ടുണ്ട്. പുസ്തകങ്ങൾക്ക് പുറമെ അദ്ദേഹം പുറത്തിറക്കിയ വീഡിയോ സിഡികളും ലോകം മുഴുവൻ വലിയ പ്രചാരം നേടിയിട്ടുണ്ട്. ഖുർആനിന്റെ സന്ദേശത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതാണ് ഹാറൂൻ യഹ്‌യയുടെ എല്ലാ കൃതികളുടെയും കേന്ദ്രലക്ഷ്യം.


കരീമിന് കായികവിനോദങ്ങളിലും പുസ്തകവായനയിലും വലിയ താൽപര്യമാണ്. ചുറ്റുമുള്ള ജീവികളെ അവൻ ഏറെ ഇഷ്ടപ്പെടുന്നു. അവൻ നിരവധി ജീവികളെക്കുറിച്ച് പലതും പുസ്തകങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുണ്ട്. അവയെക്കുറിച്ച് കൂട്ടുകാർക്കൊന്നും അറിയാത്ത പലതും അവന്നറിയാം. ചിത്രങ്ങൾ കണ്ടാൽ അവൻ ജീവികളെ തിരിച്ചറിയും; അവയുടെ സ്വഭാവവിശേഷങ്ങളും നന്നായറിയാം. അതിനാൽ കൂട്ടുകാർക്ക് അവനെ വലിയ ഇഷ്ടമാണ്. ഒഴിവുസമയങ്ങളിലും സ്കൂളിൽ പോകുമ്പോഴും തിരിച്ചുവരുമ്പോഴും അവനുമായി സംസാരിക്കുന്നത് കൂട്ടുകാർക്ക് നല്ല ഹരമാണ്.

പ്രകൃതിയോടുള്ള കരീമിന്റെ താൽപര്യം മനസ്സിലാക്കി അവന്റെ രക്ഷിതാക്കൾ ഒഴിവുദിവസങ്ങളിലെല്ലാം അവനെയുംകൊണ്ട് വിനോദയാത്ര പോകാറുണ്ട്.

വസന്തകാലത്തെ ക്യാമ്പുകളാണ് അവനേറ്റവുമിഷ്ടം. കാരണം, ഏറെ ഹരമുള്ള പല അനുഭവങ്ങളും ഈ ക്യാമ്പുകളിൽനിന്ന് കിട്ടും...







വളരെയധികം കൂട്ടുകാരുമായി കൂട്ടുകൂടാം... ആകർഷകമായ പലപല ജീവികളെക്കുറിച്ചും മനസ്സിലാക്കാം... അങ്ങനെ പലതും... വരാൻ പോകുന്ന യാത്രയിലും ക്യാമ്പിലുമുണ്ടാകാവുന്ന വിസ്മയകരവും സാഹസികവുമായ അനുഭവങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ കരീമിന് എന്തൊരുത്സാഹമാണെന്നോ!!

ഈ ക്യാമ്പിൽ നമ്മുടെ കൂട്ടുകാരൻ കരീമിന് ഉണ്ടായ അനുഭവങ്ങളെന്താണെന്ന് നമുക്കുനോക്കാം. വേറെ ചില കൂട്ടുകാരെ പരിചയപ്പെടുകയും ചെയ്യാം.





## വസന്തകാല ക്യാമ്പിലെ ആദ്യദിവസം...

ക്യാമ്പിലെ ആദ്യദിവസം തിരക്കുപിടിച്ചതായിരിക്കും. ഭാണ്ഡക്കെട്ടുകൾ അഴിക്കലും തമ്പുകെട്ടലുമായി അന്നത്തെ ദിവസം ഇരുട്ടാകും. അതിനാൽ കാഴ്ചകൾ കാണാൻ അടുത്തദിവസം രാവിലെ വരെ കാത്തിരിക്കണം.

അതിരാവിലെത്തന്നെ കരീം എഴുന്നേൽക്കുകയും ഉപ്പയെ ഉണർത്തുകയും പ്രകൃതിനിരീക്ഷണത്തിനിറങ്ങുകയും ചെയ്തു. എന്തത്ഭുതം! ഇതുവരെ കാണാത്ത കാഴ്ചകൾ. എങ്ങും വലിയ വലിയ മരങ്ങൾ! മരങ്ങളുടെ പിന്നിൽ മനോഹരമായ നദി; അതിന്റെ കരകളിൽ നിറയെ വിവിധ നിറങ്ങളിലുള്ള പൂക്കൾ.

കിളികളുടെ പാട്ടുകളെ മറികടക്കുന്ന, ഒഴുകുന്ന പുഴയുടെ കളകളാരവം കരീമിനെ പുളകംകൊള്ളിച്ചു. മനസ്സുനിറയെ സന്തോഷവുമായി അവർ കുറെ സമയം അവിടെ ചെലവഴിച്ചു. സമയം വൈകിയപ്പോൾ തമ്പിലേക്ക് മടങ്ങി.

കണ്ട കാഴ്ചകൾ പൊടിപ്പും തൊങ്ങലും ചേർത്ത് അവൻ ഇക്കയോടും ഇത്തയോടും ഉമ്മയോടും വിവരിച്ചു. അവർക്കും കാഴ്ചകൾ കാണാൻ ആഗ്രഹമായി. ആ വലിയ ആരവത്തിന്റെ ഉറവിടം കാണാൻ അവർക്ക് ആകാംക്ഷയായി.





അടുത്തദിവസം രാവിലെ കരീമും ഇത്തയും ഇക്കയും ഒന്നിച്ച് പരിസരനിരീക്ഷണത്തിനിറങ്ങി. നദിക്കരയിലെത്തിയപ്പോൾ തലേന്ന് കണ്ട പല മരങ്ങളും ആരോ മുറിച്ചുമാറ്റിയതായി കരീം കണ്ടു. കുറ്റികൾ മാത്രം ബാക്കിയാക്കി അവ അതിവിദഗ്ധമായി വലിച്ചുമാറ്റിയിരിക്കുന്നു. ആരായിരിക്കാം ഇത് ചെയ്തതെന്ന് കരീം അത്ഭുതം കൂറിയിരിക്കുമ്പോൾ അവന്റെ ഇത്ത സൈനബ അവരുടെ ശ്രദ്ധതിരിച്ചുകൊണ്ടുപറഞ്ഞു:

'നോക്കൂ.. ദാ.. ആ മരത്തടികൾ വെള്ളത്തിൽ കിടക്കുന്നു.'

ആരാണ് ഇങ്ങനെയൊരു പണി ചെയ്യുന്നത്! കരീമിന് വിസ്മയമായി. ചുറ്റുവട്ടത്തൊന്നും ആരെയും കാണാനുമില്ല. കുറേ നേരം പുഴക്കരയിൽ ചെലവഴിച്ചശേഷം അവർ തമ്പിലേക്ക് മടങ്ങി.

അടുത്തദിവസങ്ങളിൽ കരീമും സംഘവും പുഴക്കരയിൽ പോയപ്പോഴൊക്കെയും കുറെക്കൂടി മരങ്ങൾ വെട്ടിവീഴ്ത്തിയതായും





വെള്ളത്തിലിട്ടതായും കണ്ടു. അവരുടെ കൗതുകം വർധിച്ചു. മരങ്ങളുടെ ശാഖകൾ ശ്രദ്ധയോടെ വേർപെടുത്തി വെള്ളത്തിൽ കൂട്ടിയിട്ടിരിക്കുന്നു. പുഴയുടെ കളകളാരവം ഇപ്പോൾ കുറയുകയും ചെറിയൊരു തടാകം രൂപംപ്രാപിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. കരീം ചിന്തിച്ചുതുടങ്ങി: ഇതൊരിക്കലും വെറുതെ സംഭവിക്കുന്നതല്ല. ദിവസവും ആരുടെയോ കഠിനാധ്വാനം ഇതിനു പിന്നിലുണ്ട്; എന്തോ ഒരുദ്ദേശ്യവും. ആരായിരിക്കാം ഈ നിഗൂഢ മനുഷ്യൻ?

എങ്ങനെയെങ്കിലും കണ്ടുപിടിക്കണം. അതിനായി അടുത്ത ദിവസം കുറെക്കൂടി നേരത്തെ നദിക്കരയിലെത്താനും നിരീക്ഷണം നടത്താനും കരീം തീരുമാനിച്ചു. ഇക്കയോട് കൂടെപ്പോരാനാവശ്യപ്പെടുകയും ചെയ്തു. പിറ്റേന്ന് അവർ തീരുമാനിച്ചതുപോലെ ചെയ്തു.



എന്തിനാവും വെള്ളത്തിൽ ഈ വിറകുകൾ കൂമ്പാരമാക്കിയിട്ടിരിക്കുന്നത്? തുടർന്നു വായിക്കുക! അത്ഭുതാവഹവും രസകരവുമായ പലതും നമുക്കു മനസ്സിലാക്കാം!



## നിഗൂഢത കണ്ടെത്തുന്നു..

അവർ പുഴക്കരികിലെത്താറായപ്പോൾ കരീം ശബ്ദമുണ്ടാക്കാതെ കാൽവിരലിലൂന്നി മുന്നോട്ടുനടന്നു. കുറേക്കൂടി മരത്തടികളും ശാഖകളും അവൻ വെള്ളത്തിൽ കണ്ടു. ചുറ്റും കണ്ണോടിച്ചു. ആരെയും കാണാൻ സാധിച്ചില്ല. അവൻ ഇക്കയെ അടുത്തേക്ക് വിളിക്കാനൊരുങ്ങിയപ്പോഴാണ് മനോഹരമായ രണ്ടു ജീവികൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത് കണ്ടത്. അവൻ പതുങ്ങിയിരുന്നു വീക്ഷിച്ചു. ആ ജീവികൾ അവരുടെ പണി തുടരുക തന്നെയാണ്; കരീമിനെ കണ്ടിട്ടില്ല. കരീമിന്റെ ഇക്ക ഇംറാനും അടുത്തുവന്നു. ഇംറാൻ കരീമിന്റെ ചെവിയിൽ സ്വകാര്യമായി പറഞ്ഞു: 'അപ്പോൾ ഈ ബീവറുകളായിരുന്നുവല്ലേ മരം വെട്ടുകയും വെള്ളത്തിലേക്ക് വലിച്ചിടുകയും ചെയ്തിരുന്നത്.' പുസ്തകങ്ങളിൽ മാത്രം കണ്ടിരുന്ന ബീവറുകളെ ജീവനോടെ കണ്ട കരീമിന് വളരെ സന്തോഷമായി. അവയെക്കുറിച്ച് കൂടുതലൊന്നും അവന്നറിയില്ലായിരുന്നു. അവർ ദിവസം മുഴുവനും താൽപര്യത്തോടെ ഈ കഠിനാധ്വാനികളായ ജീവികളെ നിരീക്ഷിച്ചു.

'ഈ ബീവറുകൾ വീടു നിർമിക്കാൻ വേണ്ടി വെള്ളം അണകെട്ടി നിർത്തുകയാണ്', ഇംറാൻ കരീമിനോട് പറഞ്ഞു. ബീവറുകളുടെ പെരുമാറ്റം വിസ്മയിപ്പിക്കുന്നതാണ്. അവ കടിച്ചുവലിച്ചു കൊണ്ടുവരുന്ന ശാഖകൾ നേരത്തെ കൊണ്ടുവന്ന മരത്തടിയുടെ മുന്നിൽ സ്ഥാപിക്കുന്നു. വീണ്ടും തീരത്തേക്ക് വന്ന് അടുത്തുള്ള മറ്റൊരു മരത്തിന്റെ നേരെ നീങ്ങുന്നു. ബീവറുകളിലൊരെണ്ണം ആദ്യം





ബീവറുകൾ കൗതുകമുള്ള ജോലികൾ ചെയ്യുന്നത്
കരീമും ഇക്കയും ഒളിഞ്ഞിരുന്ന് വീക്ഷിക്കുന്നു..



മരത്തിന്റെ ഇലകൾ തിന്നുന്നു. പിന്നെ മരത്തൊലി കാർന്നുതിന്നാൻ തുടങ്ങുന്നു. തായ്ത്തടിയുടെ ചുറ്റുഭാഗവും ഒരുപോലെ ഇങ്ങനെ കാർന്നുമുറിക്കുന്നു. തടി മുറിഞ്ഞുവീഴേണ്ട ഭാഗം പെൻസിൽ കൂർപ്പിച്ച പോലെ ആകുന്നതുവരെ ഇപ്പണി തുടരുന്നു.

ബീവർ ഈ വലിയ മരം എങ്ങനെ വലിച്ചു വെള്ളത്തിലെത്തിക്കും എന്നു ചിന്തിക്കുകയായിരുന്നു കരീം. അപ്പോഴതാ മരം നേരെ വെള്ളത്തിലേക്കുതന്നെ വീണു; ഇനിയത് വലിച്ചുകൊണ്ടു പോകേണ്ടതില്ലല്ലോ.





മറ്റൊരു ബീവറും ഇങ്ങനെ മരം മുറിക്കാൻ തുടങ്ങി. അതും വെള്ളത്തിലേക്ക്! പിന്നെ ഓരോന്നായി അങ്ങനെ മുറിച്ചുവീഴ്ത്താൻ തുടങ്ങി. ബീവറുകൾ മുറിക്കുന്ന എല്ലാ മരവും നേരെ വെള്ളത്തിലേക്കു തന്നെ വീഴുന്നു. അത്ഭുതം!! വെള്ളത്തിലേക്കുതന്നെ വീഴുമെന്നുറപ്പുവരുത്താൻ പാകത്തിൽ കണക്കുകൂട്ടി ചെയ്യുന്നതുപോലെ!




ജോലികൾ
ക്കിടയിൽ
ഊർജ്ജം
സംഭരിക്കുന്ന
തിനായി
ബീവറുകൾ
മരത്തിന്റെ
ഇലകൾ
ഭക്ഷിക്കുന്നു.





അടുത്തപേജിൽ ബീവറുകൾ മരം മുറിക്കുന്നതുകാണാം. ദൈവദത്തമായ കഴിവുകൊണ്ടുമാത്രമാണവയ്ക്കത് സാധിക്കുന്നതെന്ന് ചിന്തിച്ചാൽ മനസ്സിലാവും...





കരീമിന് ആശ്ചര്യമായി. മരങ്ങൾ വലിച്ചുകൊണ്ടുപോകുന്ന തൊഴിവാക്കാൻ ഇതുപോലൊരു വിദ്യ അവൻ ചിന്തിച്ചിട്ടില്ലായിരുന്നു. കരീം ഇക്കാര്യം ഇംറാനോട് സൂചിപ്പിച്ചപ്പോൾ അവനും അങ്ങനെയൊന്ന് ചിന്തിച്ചിരുന്നില്ലെന്ന് സമ്മതിച്ചു.

ഇംറാൻ: സത്യമായും എങ്ങനെയായിരിക്കും ഇത് ചെയ്യുന്നതെന്ന് ഞാൻ ചിന്തിച്ചിരുന്നില്ല. പക്ഷേ അതിനെക്കുറിച്ച് ഞാൻ വായിച്ചിട്ടുണ്ട്. മരം വെള്ളത്തിലേക്കു വീഴ്ത്താൻ ബീവറുകൾ ഒരു പ്രത്യേക കോൺ കണക്കാക്കി കരണ്ടുതിന്നുന്നു. പക്ഷേ, ചിലപ്പോഴെങ്കിലും കണക്കുതെറ്റാറുണ്ട്. അപ്പോൾ അവ മരം പല്ലുകൊണ്ട് കടിച്ചുവലിച്ച് വെള്ളത്തിലെത്തിക്കുന്നു.

കരീം, നമുക്കു തിരിച്ചുപോകാൻ സമയമായി. വേണമെങ്കിൽ ക്യാമ്പിലേക്കുള്ള മടക്കത്തിൽ നമുക്ക് ബീവറുകളെക്കുറിച്ച് കൂടുതൽ സംസാരിക്കാം. അവിടെച്ചെന്ന് നമുക്ക് അവയെക്കുറിച്ച് വായിക്കുകയും ചെയ്യാം.

കരീം: അതെ, എനിക്കാഗ്രഹമുണ്ട്. ബീവറുകൾക്ക് ഇതുപോലെ കണക്കുകൂട്ടാനും ബുദ്ധിപൂർവം പ്രവർത്തിക്കാനും കഴിയുന്നുവെന്നത് അത്ഭുതം തന്നെ. എന്തിനാണവ വീടുണ്ടാക്കാൻ അണകെട്ടുന്നത്? മരത്തൊലി തന്ന് അവയുടെ പല്ലുകൾ തേഞ്ഞുപോകുന്നില്ലേ? വേറെയും പല സംശയങ്ങളും എനിക്ക് ചോദിക്കാനുണ്ട്. രാത്രി മുഴുവനും അവയെക്കുറിച്ച് സംസാരിക്കണമെന്നുണ്ട്.

ഇംറാൻ: ശരി, പക്ഷേ ഇപ്പോൾ നമുക്ക് ക്യാമ്പിലേക്ക് മടങ്ങാം. സംസാരിച്ചുനിന്ന് സമയം പോയതറിഞ്ഞില്ല; ഇരുട്ടായിത്തുടങ്ങി. ഉമ്മ ബേജാറായിത്തുടങ്ങുന്നതിനു മുമ്പ് നമുക്കു മടങ്ങിച്ചെല്ലാം.



എനിക്കു നല്ല ക്ഷീണമുണ്ട്. വേഗം വരൂ..

അവർ വേഗം ക്യാമ്പിലേക്ക് നടന്നു. പക്ഷേ, കരീമിന്റെ മനസ്സിലൂടെ ഓരോരോ ചോദ്യങ്ങളങ്ങനെ കടന്നുപോയ്ക്കൊണ്ടിരുന്നു. അവർ ക്യാമ്പിൽ തിരിച്ചെത്തിയപ്പോൾ അവർക്കു വേണ്ടി ഉമ്മ വിഭവസമൃദ്ധമായ ഭക്ഷണം ഉണ്ടാക്കിവെച്ചിരുന്നു. ഭക്ഷണം കഴിച്ചതിനുശേഷം അവർ ബീവറുകളെക്കുറിച്ച പുസ്തകം തെരഞ്ഞെടുത്തു. പക്ഷേ, ഇംറാൻ അപ്പോഴേക്കും ഉറക്കം തുടങ്ങി. അതിനാൽ കരീം ഒറ്റക്കിരുന്ന് വായിച്ചുനോക്കി. പക്ഷേ, കരീമിന്റെ മനസ്സിലെ ചോദ്യങ്ങൾക്കെല്ലാം മറുപടി ലഭിച്ചില്ല. അതിനാൽ മറ്റൊരു പദ്ധതി ആസൂത്രണം ചെയ്തു. ബീവറുകളെ നേരിട്ടുകണ്ട് അവരിൽ നിന്നുതന്നെ അവർ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കണം. താമസിയാതെ അവനും ഉറക്കത്തിലേക്ക് വഴുതിവീണു....



മരങ്ങൾ നേരെ വെള്ളത്തിൽ വീഴ്ത്താൻ സാധിക്കാതെ വന്നാൽ ബീവറുകൾ അവ പല്ലുകൊണ്ട് കടിച്ചുവലിച്ചു കൊണ്ടുവരുന്നു.





കരീം അതിരാവിലെ എഴുന്നേറ്റ് ശബ്ദമുണ്ടാക്കാതെ പുഴക്കരയിലേക്കു പോയി. ബീവറുകൾ പണിയെടുക്കുക തന്നെയാണ്. ധൈര്യം സംഭരിച്ച് അവൻ അവരുടെ അടുത്ത് ചെന്ന് ഇങ്ങനെ പറഞ്ഞു:

'നോക്കൂ, ഞാൻ കരീം; എന്നെ നിങ്ങളുടെ കൂട്ടുകാരനാക്കാമോ?'

ആ ജീവികൾ ആദ്യമൊന്ന് ഞെട്ടിയെങ്കിലും കരീമിന്റെ സൗഹൃദഭാവം കണ്ടിട്ട്, കൂട്ടത്തിൽ വലിയ ബീവർ അടുത്തുവന്നു മറുപടി പറഞ്ഞു:

'തീർച്ചയായും, എന്നെ ബീവറമ്മാവൻ എന്നു വിളിച്ചോളൂ; ഇതെന്റെ തുണ ബീവറമ്മായി. കണ്ടതിൽ വളരെ സന്തോഷമുണ്ട്.'

ഇത് കരീമിനെ സന്തോഷവാനാക്കി. എനിക്കുത്തരം കിട്ടേണ്ട ചോദ്യങ്ങളെല്ലാം ഇനി ഇവരോട് ചോദിക്കാമല്ലോ... അങ്ങനെ അവർ സംഭാഷണം തുടങ്ങി.

കരീം: ഞാൻ കുറെ നേരമായി നിങ്ങളെ നിരീക്ഷിക്കുക യായിരുന്നു. എനിക്കു നിങ്ങളിൽനിന്ന് കുറെ കാര്യങ്ങൾ അറിയാനുണ്ട്. ആദ്യം ഈ മരത്തടികളുടെ കാര്യംതന്നെ പറഞ്ഞുതരൂ. എന്തിനാണ് നിങ്ങൾ അവ വലിച്ചുകൊണ്ടുപോയി വെള്ളത്തിൽ അട്ടിയിടുന്നത്?



ബീവറമ്മാവൻ: ഞങ്ങളെപ്പോലെ എല്ലാ ബീവർ ജോടികളും സ്വന്തമായി പുതിയ വീടുണ്ടാക്കാൻ വേണ്ടി കുടിയേറുന്നു. ഞങ്ങൾ ഈ നദിക്കരയിൽ വന്നിട്ട് അധികമായിട്ടില്ല. ഇപ്പോൾ ഞങ്ങൾ പുതിയ വീടുണ്ടാക്കുകയാണ്. പക്ഷേ, അതിന് ഒഴുകാത്ത വെള്ളം വേണം; വെള്ളത്തിന്റെ ഒഴുക്കിനെ തടഞ്ഞുനിർത്തണം. അതിനുവേണ്ടിയാണ് മരത്തടികൾ അട്ടിയിട്ട് ഇങ്ങനെയൊരു പൊയ്ക നിർമിക്കുന്നത്.

കരീം: അപ്പോൾ നിങ്ങൾ ഒരു ഡാം നിർമിക്കുകയാണോ? അതൊരു വലിയ കാര്യം തന്നെ! നിങ്ങൾക്ക് ഡാം നിർമാണം അറിയാമോ? ഞങ്ങൾ മനുഷ്യർ നൂറ്റാണ്ടുകളായി ഇങ്ങനെ വെള്ളത്തിന്റെ ഒഴുക്കിനെ തടഞ്ഞുനിർത്തി ഡാമുകൾ നിർമിക്കാറുണ്ട്. നമ്മുടെ രാജ്യത്തെ ഡാമുകളെക്കുറിച്ചും അവയുടെ നിർമാണത്തെക്കുറിച്ചും ഞങ്ങളുടെ



ഭൂമിശാസ്ത്രാധ്യാപകൻ പറഞ്ഞുതന്നിട്ടുണ്ട്. അതെന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കാരണം, ഒഴുകുന്ന വെള്ളത്തിന്റെ മുന്നിൽ ഒരു മതിൽ നിർമിക്കുകയെന്നത് വളരെ ദുഷ്കരമായ പണിയാണെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. പക്ഷേ, നിങ്ങൾ ഇപ്പോൾ ഈ ചെയ്യുന്നത് വളരെ പ്രയാസമുള്ളതും വിസ്മയിപ്പിക്കുന്നതും തന്നെയാണ്. എങ്ങനെയാണ് നിങ്ങൾക്ക് ശക്തിയിൽ ഒഴുകുന്ന വെള്ളം നിയന്ത്രിക്കുവാൻ കഴിയുന്നത്?! എങ്ങനെയാണ് ഈ സൂത്രം നിങ്ങൾ കണ്ടുപിടിച്ചത്? മനുഷ്യർ നിർമിച്ച ഡാമുകൾ കണ്ടിട്ടാണോ നിങ്ങളീ വിദ്യ പഠിച്ചത്?

ആകാംക്ഷയാൽ കരീം ഒന്നിനു പിറകെ മറ്റൊന്നായ് ചോദിച്ചുകൊണ്ടിരുന്നു. അവന്റെ ആശ്ചര്യവും ചോദ്യങ്ങളും കേട്ട് ബീവറമ്മാവൻ പുഞ്ചിരിതൂകി. കാരണം, അവർ ചെയ്യുന്ന ഈ പണി അവർക്ക് വളരെ എളുപ്പവും ഒന്നു ചിന്തിക്കുക പോലും ചെയ്യേണ്ടതില്ലാത്തതുമായിരുന്നു.

ബീവറമ്മാവൻ: കരീം, നീ നേരെ ശ്വാസമൊന്നയക്ക്, നിന്റെ ചോദ്യങ്ങൾക്കോരോന്നായി ഞാൻ മറുപടി പറയാം. വേവലാതിപ്പെടേണ്ട, നിനക്കെല്ലാം മനസ്സിലാക്കാം. ഡാമുണ്ടാക്കാനും വീടുണ്ടാക്കാനുമെല്ലാമുള്ള അറിവ് ഞങ്ങളുടെ പ്രകൃതിയിലുള്ളതാണ്. അതെ, ഈ അറിവ് ഞങ്ങൾക്ക് വീണുകിട്ടിയ ഒന്നല്ല. നമുക്കൊരു ഡാം നിർമിച്ചുകളയാമെന്ന് ഒരു ദിവസം ഞങ്ങൾ പ്രഖ്യാപിച്ചതുമല്ല. ഞങ്ങളിൽ ആ വിവരം ആദ്യമേയുണ്ട്. കാരണം, ഞങ്ങൾ ജനിക്കുന്നതിനു മുമ്പേ ഞങ്ങളെയത് പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ എന്ത്, എങ്ങനെ വിജയകരമായി ചെയ്തുതീർക്കാമെന്ന് ഞങ്ങൾക്കറിയാം. ഈ അറിവു തന്നെയാണ് മരങ്ങൾ വീഴ്ത്താനും



വെള്ളത്തിലെത്തിക്കാനും ഞങ്ങളെ സഹായിക്കുന്നത്.

ബീവറമ്മാവന്റെ വിശദീകരണം കേട്ടുകൊണ്ടിരിക്കെ പിന്നിൽ നിന്ന് ഇംറാന്റെ ശബ്ദം കേട്ട് കരീം ഞെട്ടി.

"കരീം, നിന്റെ എല്ലാ ചോദ്യത്തിനും ഉത്തരം തരാൻ എനിക്കു കഴിയും. പക്ഷേ, അതിനുമുമ്പ് നീയെനിക്കൊരു വിശദീകരണം തരേണ്ടതുണ്ട്. ക്യാമ്പിൽനിന്ന് ഒറ്റക്കെന്തിനാ ഇറങ്ങിപ്പോന്നത്? നിന്നെ കാണാഞ്ഞിട്ട് ഞങ്ങൾ പരിഭ്രമിച്ചിരിക്കുകയായിരുന്നു."

കരീം: ക്ഷമിക്കണം, ആകാംക്ഷകൊണ്ട് എനിക്കിങ്ങോട്ട് വരാതിരിക്കാൻ കഴിഞ്ഞില്ല. നിങ്ങൾക്കെന്നെ കണ്ടെത്താൻ പ്രയാസമുണ്ടാവില്ലെന്നെനിക്കറിയാമായിരുന്നു. ആരാണ് ബീവറുകൾക്ക് ഈ കാര്യങ്ങളൊക്കെ പഠിപ്പിച്ചുകൊടുത്തതെന്ന് ദയവായി പറഞ്ഞുതരാമോ?

ഇംറാൻ: പറഞ്ഞുതരാമല്ലോ കരീം. കഴിഞ്ഞയാഴ്ച നമ്മളൊരുമിച്ച് ഖുർആനിൽ വായിച്ചതോർക്കുന്നില്ലേ? അല്ലാഹുവാണ് ആകാശത്തിലും ഭൂമിയിലും അതിനിടയിലുള്ളതുമെല്ലാം സൃഷ്ടിച്ചതെന്ന് അതിൽ പലേടത്തും പറഞ്ഞിട്ടുണ്ടല്ലോ. നമുക്കറിയാവുന്ന ജീവികളെക്കുറിച്ചും അവയുടെ വ്യത്യസ്തമായ പെരുമാറ്റങ്ങളെക്കുറിച്ചും നാം സംസാരിച്ചിരുന്നുവല്ലോ. എങ്ങനെ ചെയ്യണമെന്ന് ആരെങ്കിലും പഠിപ്പിച്ചുകൊടുക്കാതെ അവയ്ക്കൊന്നും അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയില്ലെന്ന നിഗമനത്തിൽ നാം എത്തിയില്ലേ?

കരീം: അതെ, ഞാൻ ഓർക്കുന്നുണ്ട്.

ഇംറാൻ: 'അല്ലാഹു പഠിപ്പിച്ചുകൊടുത്തതുപോലെയാണ് എല്ലാ ജീവികളും കാര്യങ്ങൾ പ്രവർത്തിക്കുന്നത്. അവർ ജനിച്ച സമയം മുതൽ എങ്ങനെ പെരുമാറണമെന്ന് അവയ്ക്കറിയാം. അവയുടെ ജീവിതരീതി പഠിക്കാൻ വേണ്ടി നാം മനുഷ്യർ വർഷങ്ങൾ നീണ്ടുനിൽക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നു; പലതരം സാങ്കേതിക ഉപകരണങ്ങളും പുസ്തകങ്ങളും ഉപയോഗിക്കുന്നു; പരീക്ഷണങ്ങൾ നടത്തുന്നു. പക്ഷേ, നമുക്കു മനസ്സിലാക്കാൻ പ്രയാസമുള്ള ഈ കാര്യങ്ങൾ മറ്റു ജീവികൾ വളരെ എളുപ്പത്തിൽ ചെയ്യുന്നു. ഉദാഹരണമായി കേമന്മാരെപ്പോലും അമ്പരപ്പിക്കുന്ന തരത്തിലുള്ള കണക്കുകൂട്ടലുകൾ അവ നടത്തുന്നു. ബീവറമ്മാവനും ബീവറമ്മായിയും നമ്മുടെയെല്ലാം ദൈവം പഠിപ്പിച്ചതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ബീവറമ്മാവൻ തന്നെ അവർ ചെയ്യുന്നതിനെക്കുറിച്ച് നമുക്കു പറഞ്ഞുതരട്ടെ. ഞാൻ പറഞ്ഞ കാര്യങ്ങളപ്പോൾ നിനക്കു കൂടുതൽ മനസ്സിലാകും.

ബീവറമ്മാവൻ: അതെ, കരീം. ഞങ്ങൾ നിർമിക്കുന്ന വീടിനെക്കുറിച്ച് വിശദമായിത്തന്നെ വിശദീകരിച്ചുതരാം. ഞങ്ങളുടെ സ്വന്തം ബുദ്ധിയുപയോഗിച്ചല്ല ഞങ്ങളത് ചെയ്യുന്നതെന്ന് നിനക്കുമപ്പോൾ മനസ്സിലാവും.

ബീവറമ്മാവനും ഇംറാനും പറയുന്നത് കരീം ഗൗരവത്തിൽ ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരുന്നു; അറിയാൻ തിടുക്കമുള്ളത് ചോദിച്ചുകൊണ്ടുമിരുന്നു.

കരീം: ബീവറമ്മാവാ, നിങ്ങൾ നഖവും പല്ലുമാണല്ലോ പൊയ്ക നിർമിക്കാനുള്ള മരങ്ങൾ വീഴ്ത്താനുപയോഗിക്കുന്നത്? നിങ്ങളുടെ നഖവും പല്ലും അത്രക്കുറപ്പുള്ളതാണോ? എന്റെ പല്ലാണെങ്കിൽ ഒരു




ചുള്ളിക്കമ്പ് കടിക്കാൻ ശ്രമിച്ചാൽതന്നെ പൊട്ടിപ്പോകും. എനിക്കൊരിക്കലുമത് സാധിക്കില്ല.

ബീവറമ്മാവൻ: നല്ല ചോദ്യം! കരീം, എനിക്കും എന്റെ ഭാര്യക്കും കൂടി വർഷത്തിൽ ഏകദേശം നാനൂറ് മരങ്ങൾ മുറിച്ചിടാൻ കഴിയും. ഞങ്ങളുടെ പല്ലുകൊണ്ട് കരണ്ടാണ് ഞങ്ങളത് ചെയ്യുന്നത്. ഞങ്ങളുടെ നാല് മുൻപല്ലുകളാണതിനുപയോഗിക്കുന്നത്. ഞങ്ങളുടെ പല്ലുകൾ നിങ്ങളുടേതുപോലെ വേഗത്തിൽ തേഞ്ഞുപോകുകയില്ല; ചിലപ്പോഴൊക്കെ പൊട്ടിപ്പോകാറുണ്ട്. പക്ഷേ, അത് ഞങ്ങൾക്ക് പ്രശ്നമാകാറില്ല. കാരണം, ഇൻസൈസറുകൾ എന്നറിയപ്പെടുന്ന ഞങ്ങളുടെ മുൻപല്ലുകൾ ജീവിതകാലം മുഴുവൻ വളർന്നുകൊണ്ടിരിക്കും.

കരീം: അപ്പോൾ ഞങ്ങളുടെ നഖങ്ങൾ വളരുന്നതുപോലെ നിങ്ങളുടെ പല്ലുകൾ വളർന്നുകൊണ്ടിരിക്കും, അല്ലേ?

ബീവറമ്മായി: ഞാൻ പറഞ്ഞുതരാം, കരീം. നീ പറഞ്ഞതു ശരിയാണ്, മറ്റു ജീവികളിൽനിന്ന് ഭിന്നമായാണ് ഞങ്ങളുടെ പല്ലുകൾ അല്ലാഹു ഉണ്ടാക്കിയിരിക്കുന്നത്. അവൻ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് ആഹാരം കഴിക്കുവാനോ വീടുണ്ടാക്കുവാനോ കഴിയുമായിരുന്നില്ല. അത് ഞങ്ങളെ സംബന്ധിച്ചേടത്തോളം വളരെ പ്രയാസകരമാണ്. അങ്ങനെയായിരുന്നെങ്കിൽ, ഞങ്ങളുടെ വർഗം പട്ടിണി കിടന്ന് മരിച്ചുപോവുകയും വംശനാശം തന്നെ സംഭവിക്കുകയും ചെയ്യുമായിരുന്നു; ഇന്ന് ഞങ്ങൾ



ഇവിടെയുണ്ടാകുമായിരുന്നില്ല; ഈ ഭൂമുഖത്ത് ഒരൊറ്റ ബീവറിനെയും കാണാൻ സാധിക്കുമായിരുന്നില്ല. എന്റെയും ബീവറമ്മാവന്റെയും പല്ലുകൾ മറ്റെല്ലാ ബീവറുകളെയും പോലെ വളരെ വേഗത്തിൽ വളരുന്നു. നിങ്ങൾ കണ്ടതുപോലെ ഞങ്ങളുടെ പല്ലുകൾ ഞങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതാണ്.

കരീം: ശരി, നിങ്ങൾ എങ്ങനെയാണ് നീന്തൽ പഠിച്ചത്? ഞങ്ങൾ വളരെ അടുത്തകാലത്താണത് പഠിച്ചത്. എങ്ങനെയാണ് നിങ്ങൾ ഇത്ര വിദഗ്ധരായ നീന്തൽക്കാരായത്?

ബീവറമ്മാവൻ: കരീം, എല്ലാ ബീവറുകൾക്കും ജനിച്ച് അൽപസമയത്തിനകംതന്നെ നീന്താൻ കഴിയും. ഇത് ഞങ്ങൾക്ക് വളരെ എളുപ്പമാണ്. കാരണം, ഞങ്ങളുടെ ശരീരം നീന്തലിന് യോജിച്ച തരത്തിലാണ്. ഞങ്ങളുടെ കാലുകൾ ചർമം കൊണ്ടുള്ളതാണ്. അതുകൊണ്ട് വെള്ളം ശക്തിയായി പുറകോട്ട് തള്ളാൻ കഴിയും. പരന്ന വാൽ ദിശ മാറ്റാനും ഉപകരിക്കുന്നു. അങ്ങനെ വെള്ളത്തിലൂടെ അനായാസം ചലിക്കാൻ ഞങ്ങൾക്ക് കഴിയുന്നു. വെള്ളത്തിലൂടെ കാണാനും കണ്ണിന്റെ സംരക്ഷണത്തിനും നിങ്ങൾ ഉപയോഗിക്കുന്ന നീന്തൽക്കണ്ണട, ഞങ്ങൾക്ക് ജന്മനാ ഉണ്ട്. കൂടാതെ ഞങ്ങളുടെ ചെവികളും മൂക്കും വെള്ളം കയറാത്തവിധം അടക്കാനുള്ള അടപ്പുകളുമുണ്ട്. ഞങ്ങളുടെ കണ്ണുകൾക്ക് മൂന്നു പോളകളുണ്ട്. അതിലൊന്ന് സുതാര്യമാണ്. അതിലൂടെ വെള്ളത്തിനടിയിലും കാണാൻ സാധിക്കുന്നു. വെള്ളത്തിൽ കണ്ണുകളെ സംരക്ഷിക്കുകയും ചെയ്യുന്നു.

കരീം: എന്റെ കൊച്ചു കൂട്ടുകാരേ, കാലിൽ തുഴയാനുള്ള ഫ്ളിപ്പറുകൾ ഘടിപ്പിച്ചാൽ എനിക്കും വേഗത്തിലും എളുപ്പത്തിലും നീന്താൻ കഴിയും. എന്റെ ഉപ്പ എനിക്ക് ഫ്ളിപ്പറുകൾ വാങ്ങിത്തന്നിട്ടുണ്ട്. പക്ഷേ, നിങ്ങൾക്ക് ജന്മനാ തന്നെ അത് കിട്ടിയിട്ടുണ്ട്. നിങ്ങൾക്കു വേണ്ട എല്ലാ പ്രത്യേക കഴിവുകളും യോഗ്യതകളും കൂടിയാണ് നിങ്ങളെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്.

ഇംറാൻ: ശരിയാണ് കരീം. ബീവറമ്മാവാ.. നിങ്ങൾ നിർമിക്കുന്ന ഡാമിനെക്കുറിച്ച് അൽപം വിശദീകരിച്ചുതരാമോ?


ബീവറമ്മാവൻ: ഒഴുകുന്ന വെള്ളത്തിന്റെ അടിത്തട്ടിലേക്ക് മരത്തടികളും ശാഖകളും വലിച്ചുകൊണ്ടുപോകുന്നു ആദ്യം. പിന്നെ ഭാരം കുറഞ്ഞ ശാഖകൾ ഭാരമുള്ളവയുടെ മുകളിൽ അട്ടിയിടുന്നു. പക്ഷേ അവ സ്ഥാനത്ത് ഉറപ്പിച്ച് നിർത്തേണ്ടതുണ്ട്. അല്ലെങ്കിൽ ഒഴുക്കിൽപെട്ട് ഒലിച്ചുപോകും. അതിനാൽ മരത്തടികളും കല്ലുകളും കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നു. കൂടുതൽ ഉറപ്പിനുവേണ്ടി ചളികൊണ്ടും ഇലകൾ കൊണ്ടും ഉണ്ടാക്കി ഒരു പ്രത്യേക മിശ്രിതം ഉപയോഗിച്ച് ഒട്ടിച്ചുവെക്കുന്നു. വെള്ളംകടക്കാത്തതും ഒലിച്ചുപോകാത്തതുമാണ് ഈ മിശ്രിതം.

കരീം: അങ്ങനെയായിരുന്നില്ലെങ്കിൽ നിങ്ങൾക്ക് വെള്ളത്തിനടിയിൽ താമസസ്ഥലം ഉണ്ടാക്കാൻ സാധിക്കുമായിരുന്നില്ല. നിങ്ങളുടെ ശ്രമങ്ങളെല്ലാം വെറുതെയാവുമായിരുന്നു.






അവനാണല്ലാഹു; നിങ്ങളുടെ നാഥൻ. അവനല്ലാതെ ദൈവമില്ല – സകല വസ്തുക്കളെയും സൃഷ്ടിച്ചവനാണവൻ. അതിനാൽ നിങ്ങൾ അവനു മാത്രം വഴിപ്പെടുക. അവൻ എല്ലാ കാര്യങ്ങളുടെയും കൈകാര്യ കർത്താവാണ്. *(ഖുർആൻ 6:102)*









ഫ്ലിപ്പറുകളായി പ്രവർത്തിക്കുന്ന വാൽ (മുകളിൽ), പാദങ്ങൾ, പല്ലുകൾ എന്നിവ മാത്രമല്ല; ബീവറുകളുടെ ശരീരത്തിലെ ഓരോ അവയവവും ദൈവം അവയ്ക്കു കനിഞ്ഞരുളിയവയാണ്. അവയില്ലാ യിരുന്നുവെങ്കിൽ ബീവറുകളുടെ നിലനിൽപുതന്നെ അപകടത്തി ലാവും?






ബീവറമ്മായി: ശരിയാണ് കരീം. പക്ഷേ, ഞങ്ങളുണ്ടാക്കുന്ന ഡാം ഉറപ്പോടുകൂടി നിർമിക്കുന്നവയാണ്. മാത്രമല്ല, ഓരോ ദിവസവും അത് ശക്തിപ്രാപിക്കുകയും വലുതാവുകയും ചെയ്യുന്നു. മതിലിന്റെ ഉയരം കൂടിവരുന്തോറും അതിനു മുന്നിൽ ശേഖരിക്കുന്ന വെള്ളത്തിന്റെ അളവും കൂടിവരുന്നു. അങ്ങനെ മാസങ്ങൾക്കുശേഷം ഒരു വലിയ ഡാം പൊയ്ക തന്നെ രൂപംകൊള്ളുന്നു. പൊയ്ക വലുപ്പം കൂടുംതോറും അതിന്റെ ഉറപ്പുകൂട്ടുകയും അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരികയും ചെയ്യും. ബീവറമ്മാവൻ പറഞ്ഞതുപോലെ വിടവുകൾ ചെളിയും ഇലകളും ഉപയോഗിച്ച് ഞങ്ങൾ അടക്കുന്നു. കൂടാതെ മറ്റൊരു പ്രധാന കാര്യം കൂടിയുണ്ട്. ഡാമിന്റെ ആകൃതി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതൊരു അർധവൃത്തം പോലെയാണല്ലേ? അകവളവുള്ള ആകൃതി. എല്ലാ ബീവർ ഡാമുകളും ഈ ആകൃതിയിലാണ് നിർമ്മിക്കുന്നത്. 45 ഡിഗ്രി കോണിലാണ് ഞങ്ങൾ വെള്ളം കെട്ടിനിർത്തി ഡാമുണ്ടാക്കുന്നത്.

ബീവറുകളുടെ ഈ സംസാരത്തിൽ ആശ്ചര്യം തോന്നിയ കരീം ഇടപെട്ടുകൊണ്ട് ചോദിച്ചു: എങ്ങനെയാണ് നിങ്ങൾക്കതറിയുന്നത്. ഞങ്ങൾ ഒരു ഡാം കാണാൻ പോയപ്പോൾ ഞങ്ങളുടെ ടീച്ചർ പറഞ്ഞിട്ടുണ്ട് ഡാമുകൾ എല്ലാം ഈ ആകൃതിയിലാണുണ്ടാക്കുന്നതെന്ന്. നിങ്ങളുടേതുപോലെത്തന്നെ. 45 ഡിഗ്രി അകത്തേക്ക് വളഞ്ഞ ആകൃതിയിൽ. വെള്ളത്തിന്റെ മർദത്തെ പ്രതിരോധിക്കാൻ ഏറ്റവും യോജിച്ച ആകൃതിയാണത്. പക്ഷേ, നിങ്ങൾ എങ്ങനെ ആ അറിവ് നേടിയെടുത്തു!! ആരാണ് നിങ്ങളെയിത് പഠിപ്പിച്ചത്? എഞ്ചിനീയർമാരാണ് ഡാമുകൾ നിർമിക്കുന്നതെന്ന് എനിക്കറിയാം. എന്റെ ഇത്ത എഞ്ചിനീയറാണ്. എഞ്ചിനീയറാവാൻ അവർ വർഷങ്ങൾ തന്നെ പഠിച്ചിട്ടുണ്ട്. പക്ഷേ, നിങ്ങൾക്ക് സ്കൂളിൽ പോകാൻ സാധിക്കുകയില്ലല്ലോ! പിന്നെയെങ്ങനെയാണീ അറിവുണ്ടായത്. നിരന്തര പരീക്ഷണങ്ങളിലൂടെ നേടിയെടുത്ത അറിവാണോ? ആരാണ് ഇതൊക്കെ നിങ്ങളെ പഠിപ്പിച്ചത്?


ഇംറാൻ: നോക്കൂ കരീം, എളുപ്പത്തിൽ ഇതിന് മറുപടി പറയാൻ ബീവർ കുടുംബത്തിന് സാധിക്കില്ല. ഒരിക്കൽ ഡാർവിൻ ബീവർ







കൂട്ടിയിട്ട ഈ ശാഖകൾ താമസിയാതെ ബീവറുകളുടെ വീടായി രൂപം പ്രാപിക്കും.





ബീവറുകൾ വീടുനിർമാണത്തിലേർപ്പെടുമ്പോൾ ആദ്യമാദ്യം തിടുക്കത്തിൽ ചെറുശാഖകൾ കൊണ്ടുവരുന്നു. ബീവറുകൾക്ക് ദൈവം നൽകിയ നൈപുണ്യവും ബുദ്ധിശക്തിയും മികച്ചതുതന്നെ!





കഠിനാധ്വാനികളായ ബീവറുകൾ പിന്നീട് ഭാരമുള്ള മരക്കഷ്ണങ്ങൾ കൊണ്ടുവരുന്നു.

വീടുനിർമാണത്തിന് ബീവറുകൾ ചളിയും ഉപയോഗിക്കുന്നു. ചളിയുപയോഗിച്ച് അവ ശാഖകളും തടികളും തമ്മിൽ ഒട്ടിച്ചു നിർത്തുന്നു.






കുടുംബത്തിന് സാധിക്കില്ല. ഒരിക്കൽ ഡാർവിൻ എന്നൊരാളക്കുറിച്ച് നീ ചോദിച്ചതോർക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ ഒരു പുസ്തക ത്തിലുണ്ട്, ജീവികൾ ഈ ലോകത്ത് വന്ന ശേഷം നേടിയെടുത്തതാണ് അവയുടെ പ്രത്യേകതകളെന്ന്. അത് സത്യമല്ലെന്ന് നീ മനസ്സിലാക്കിയതുമാണ്.

കരീം: അതേ, ഞാൻ ഓർക്കുന്നു. ഞാൻ ശരിക്ക് മനസ്സിലാ ക്കിയതുമാണ്. തീർച്ചയായും ബീവറുകൾ ആവശ്യം വന്നപ്പോൾ പഠിച്ചുണ്ടാക്കിയതാവില്ല ഇവയൊന്നും. ഡാർവിൻ പറഞ്ഞത് ശരിയല്ല.

ബീവറമ്മാവൻ: ഞാൻ ആദ്യമേ പറഞ്ഞതുപോലെ, എന്തൊ ക്കെയാണ് പ്രവർത്തിക്കേണ്ടതെന്ന് ജനിക്കുമ്പോൾതന്നെ ഞങ്ങൾക്ക് അറിയാം. കരീം, നീ സമർഥൻ തന്നെ. ഞങ്ങൾ ഒരിക്കലും സ്കൂളിൽ





പോയിട്ടില്ല. പരീക്ഷണങ്ങളിലൂടെ കണ്ടുപിടിക്കുകയെന്നതും എനിക്കസാധ്യമാണ്. അങ്ങനെയാരെങ്കിലും പറഞ്ഞാൽ, അവരോട് ചോദിക്കേണ്ടത് ഞാൻ പറഞ്ഞുതരാം.

ഒരു ബീവർ, ഉദാഹരണത്തിന് ഞാൻ തന്നെ, വീട് ഉണ്ടാക്കാനുള്ള വിദ്യ യാദൃച്ഛികമായി കണ്ടുപിടിച്ചതാണ് എന്ന് അവകാശ പ്പെടുന്നുവെന്ന് കരുതുക. പക്ഷേ, എല്ലാ ബീവറുകളും വീടുകളു ണ്ടാക്കുന്നത് ഇതേ രീതിയിൽതന്നെയാണെന്ന് നമുക്കു കാണാം. അവരെല്ലാവരും കൂടി ഒന്നിച്ച് ഒരേസമയം കണ്ടുപിടിക്കുക യായിരുന്നോ ഈ വിദ്യ? എന്റെ പല്ലുകൾ തേഞ്ഞുകൊഴിഞ്ഞു പോകുന്നതിനനുസരിച്ച് അതേ സ്ഥാനത്ത് പുതിയവ വളരുന്നു. എല്ലാ ബീവറുകളുടെ കാര്യത്തിലും ഇത് ഇങ്ങനെത്തന്നെയാണ്. ഇതും യാദൃച്ഛികമായി സംഭവിക്കുന്നതല്ല എന്നു വ്യക്തമല്ലേ?







ബീവറുകൾ ഡാം നിർമിക്കുന്നത് കരീം സാകൂതം നിരീക്ഷിക്കുന്നു. “എങ്ങനെയാണവയ്ക്കിതു സാധിക്കുന്നത്!” കരീം ആശ്ചര്യപ്പെട്ടു.










നിങ്ങൾക്കറിയാവുന്നപോലെ, കൂടുതലൊന്നും ചിന്തിക്കാതെതന്നെ മനസ്സിലാകുന്നതേയുള്ളൂ ആ പ്രസ്താവനയിലെ പൊള്ളത്തരം. ഡാമുകളുടെ നിർമാണത്തെക്കുറിച്ചും അത് 45 ഡിഗ്രി കോണിൽ നിർമിക്കാൻ വേണ്ട കണക്കുകൂട്ടലുകളെക്കുറിച്ചും അറിയാൻ നിന്റെ ഇത്തയോട് ചോദിച്ചുനോക്ക്. അപ്പോൾ ഞാൻ പറഞ്ഞ കാര്യം കൂടുതൽ ബോധ്യപ്പെടും.

കരീം: അസാമാന്യ ബുദ്ധിയുള്ള ഒരു ശക്തിയാണ് നിങ്ങളെയത് പഠിപ്പിച്ചത് എന്നതിന് ഇത് തെളിവാണ്. അല്ലാഹു എല്ലാ അറിവുമുള്ളവനാണെന്ന് എന്റെ ഉമ്മ പറഞ്ഞുതന്നിട്ടുണ്ട്. നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ള ബീവറുകളെയും ഇത് പഠിപ്പിച്ചുതന്നു എന്നതു തന്നെ നമ്മുടെ ദൈവം അതുല്യമായ അറിവിനുടമയാണെന്ന് തെളിയിക്കുന്നു. നിങ്ങളെ മാത്രമല്ല, എല്ലാ ജീവികളെയും എങ്ങനെ പ്രവർത്തിക്കണമെന്ന് പഠിപ്പിച്ചത് അല്ലാഹുവാണ് എന്നുമെനിക്കറിയാം.

ഇംറാൻ: അതേ, കരീം. അല്ലാഹുവാണ് എല്ലാ ജീവികളെയും സൃഷ്ടിച്ചതും അവയെ അടക്കി ഭരിക്കുന്നതും. ഖുർആനിൽ ഇങ്ങനെ കാണാം:



ഡാർവിന്റെ ചിത്രമാണിത്. ഡാർവിന്റെ സിദ്ധാന്തങ്ങൾ പൊള്ളയായിരുന്നുവെന്ന് ബുദ്ധിമാനായ കരീമിന് വേഗത്തിൽ മനസ്സിലാക്കാനായി.



*"എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞുനടക്കുന്നവരുണ്ട്. രണ്ട് കാലിൽ നടക്കുന്നവരും അവരിലുണ്ട്. നാലുകാലിൽ നടക്കുന്നവരും അവരിലുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു." (അന്നൂർ: 45)*





## സംഭാഷണം തുടരുന്നു...

കരീം: ബീവറമ്മാവാ, വീടുണ്ടാക്കാനാണ് നിങ്ങൾ ഡാം നിർമിക്കുന്നതെന്ന് പറഞ്ഞല്ലോ? മരത്തടികൾ അട്ടിയിട്ടത് മാത്രമാണല്ലോ ഇവിടെ കാണുന്നത്? എവിടെയാണ് നിങ്ങൾ വീടുണ്ടാക്കുന്നത്?

ബീവറമ്മാവൻ: ശരിയാണ്, ഞങ്ങളുടെ വീട് നിങ്ങൾക്ക് പുറത്തുനിന്ന് കാണാൻ സാധിക്കുകയില്ല. വീട് ഒരു സുരക്ഷിത സങ്കേതമാവണമല്ലോ. ഡാമുണ്ടാക്കുമ്പോൾ പൊയ്കയുടെ അടിത്തട്ടിൽ തീരത്തോടു ചേർന്ന സ്ഥലമാണ് വീടിന് തെരഞ്ഞെടുക്കുന്നത്. പുറത്തുനിന്ന് നോക്കിയാൽ ഞങ്ങളുടെ വീട് മരത്തടികളുടെ ഒരു അട്ടിയാണെന്നേ തോന്നൂ. അതു കണ്ട് നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. അകം വളരെ ശ്രദ്ധയോടെ രൂപകൽപന ചെയ്തതാണ്. സുരക്ഷിതത്വത്തിനാണ് ഞങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത്. അതിനാൽത്തന്നെ ഞങ്ങളുടെ വീട്ടിലേക്കുള്ള പ്രവേശന കവാടം വെള്ളത്തിനടിയിലാണ്. മറ്റാർക്കും നിഷ്പ്രയാസം അതിൽ കടക്കാൻ സാധിക്കില്ല. ഞങ്ങൾ അകത്തേക്കും പുറത്തേക്കും സഞ്ചരിക്കുന്നത് രഹസ്യമായ തുരങ്കങ്ങളിലൂടെയാണ്.

കരീം: ഗംഭീരം! യക്ഷികളാൽ വലയംചെയ്ത ഒരു കോട്ടതന്നെ നിങ്ങളുടെ വീട്! അതിലേക്ക് കടക്കുക അസാധ്യം തന്നെ!

ബീവറമ്മാവനും അമ്മായിയും കരീമിന്റെ സംസാരം കേട്ട് ഊറിച്ചിരിച്ചു.

ബീവറമ്മാവൻ: തുരങ്കം എത്തിച്ചേരുന്നത് ഉള്ളിലുള്ള ഒരു





മരത്തടികൾ നീക്കുന്നതിനെക്കുറിച്ചു അവ തമ്മിൽ ഒട്ടിച്ചുവെക്കുന്നതിനെക്കുറിച്ചും ബീവറുകൾ വിശദീകരിക്കുന്നു.

അറയിലേക്കാണ്. ഈ അറ ജലനിരപ്പിന് മുകളിലാണെന്ന് ഉറപ്പുവരുത്തിയിരിക്കും. വെള്ളം കടക്കാത്ത ഈ അറയിലാണ് ഞങ്ങളുടെ കുടുംബം താമസിക്കുന്നത്. ചിലപ്പോൾ ഞങ്ങൾ നിർമിക്കുക ഇരുനില വീടായിരിക്കും. അടിയിലെ അറയിൽ കവാടവും വിശ്രമമുറിയും. മുകളിൽ ഭക്ഷണഹാളും കിടപ്പുമുറിയും. ഞങ്ങൾ നിർമിക്കുന്ന വീടിന് വെള്ളത്തിനടിയിൽ രണ്ട് പ്രവേശന കവാടങ്ങളുണ്ടാകും; മുകളിൽ ശുദ്ധവായു കടക്കാനുള്ള ഒരു കിളിവാതിലും. അങ്ങനെ പുറമെനിന്നുള്ള ഭീഷണികളില്ലാതെ ഞങ്ങൾ സുഖജീവിതം നയിക്കുന്നു.

കരീം: വളരെ ആശ്ചര്യകരം തന്നെ. ഉള്ളിൽ ഒരു വാസസ്ഥലമുണ്ടെന്ന് അറിയുകയേ ഇല്ല; മരത്തടികളും ശാഖകളും കൂട്ടിയിട്ട പോലെയേ തോന്നൂ. വളരെയധികം ആകർഷകമായ ഒരു സംവിധാനം തന്നെയിത്. അമ്മാവാ.. ഞാനൊന്ന് ചോദിച്ചോട്ടെ, ഈ പൊയ്കക്ക് എത്ര ആഴമുണ്ടാകും? കാഴ്ചയിൽ വളരെ ആഴമുണ്ടാകുമെന്ന് തോന്നുന്നു!

ബീവറമ്മാവൻ: ചിലപ്പോൾ മൂന്നു നാലു മീറ്റർ ആഴമുണ്ടാകും. ഞങ്ങൾക്ക് വീടുണ്ടാക്കാൻ അത്ര ആഴമൊന്നും യഥാർഥത്തിൽ വേണ്ടതില്ല. പക്ഷേ, വെള്ളത്തിന്റെ ഉപരിതലം ശൈത്യകാലത്ത് ഉറഞ്ഞുകട്ടയാവും. ആഴം കുറവാണെങ്കിൽ പൊയ്ക മുഴുവനായി

ഉറച്ച് മഞ്ഞുകട്ടയായേക്കാം. അത് പൊയ്കയിലെ ഞങ്ങളുടെ സഞ്ചാരം തടസ്സപ്പെടുത്തും. അതിനാൽ പൊയ്ക കഴിയുന്നതും ആഴ മുള്ളതാക്കുന്നു. എങ്കിൽ ഉപരിതലം ഉറച്ചാലും അടിയിൽ വെള്ളത്തിന്റെ ഒരു പാളിയുണ്ടാകും. ഞങ്ങൾക്ക് സഞ്ചരിക്കാനും ഇര തേടാനും അതു മതിയാവും.

ഇംറാൻ: നോക്കൂ, കരീം. അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ബീവറുകൾക്ക് നല്ലപോലെ അറിയാം. നാമാണ് തടാകത്തിൽ ഒരു വീട് പണിയുന്നതെങ്കിൽ ഇത്രയും കാര്യങ്ങൾ ചിന്തിച്ചുവെന്ന് വരില്ല. പക്ഷേ, നമ്മുടെയീ കൂട്ടുകാർ കാര്യങ്ങൾ മുൻകൂട്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹുവാണ് അവർക്കീ ബുദ്ധി നൽകുകയും ഇത്രയും വിശദമായി എന്തുചെയ്യണമെന്ന് പഠിപ്പിക്കുകയും ചെയ്തത്.

ശൈത്യകാലം നേരിടാനുള്ള തയ്യാറെടുപ്പുകൾ ബീവറുകളുടെ







വെള്ളത്തിനടിയിലൂടെ ബീവറുകളുണ്ടാക്കിയ രഹസ്യ തുരങ്കത്തിലൂടെ നീന്തിയാണ് വീടുകളിൽ പ്രവേശിക്കുന്നത്.



ബീവറുകൾക്ക് അവയുടെ വീടിന് എന്തെങ്കിലും തകരാറുകൾ സംഭവിച്ചാൽ തിരിച്ചറിഞ്ഞ് താമസിയാതെ അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കും.






മഞ്ഞുകാലത്തിനു വേണ്ടി സ്വീകരിക്കുന്ന മുൻകരുതലുകളും ഒരുക്കങ്ങളും ബീവറുകളുടെ ബുദ്ധിവൈഭവം വിളിച്ചോതുന്നവയാണ്. താമസസ്ഥലം മുഴുവൻ മഞ്ഞു മൂടിയാലും ജലോപരിതലം തണുത്തുറഞ്ഞാലും, നേരത്തെയെടുത്ത മുന്നൊരുക്കങ്ങൾ ബീവറുകൾക്ക് വീടുകളിൽ സുഖമായി കഴിയാൻ സഹായകമാവുന്നു.



വിവേചനബുദ്ധിയുടെ പ്രകടമായ തെളിവാണ്. താമസസ്ഥലം മഞ്ഞുകൊണ്ട് മൂടിയാലും ജലോപരിതലം ഉറഞ്ഞു കട്ടയായാലും ബീവറുകൾ വീടുകളിൽ സുഖമായി കഴിയുന്നു. അവയെടുത്ത മുൻകരുതലുകളാണിതിന് സഹായിക്കുന്നത്.

ഒരിക്കൽ കൂടി സിവിൽ എഞ്ചിനീയറായ ഇത്തയെക്കുറിച്ച് കരീം ഓർത്തു: 'അവൾ വർഷങ്ങളെടുത്ത് പഠിക്കുകയും വളരെയധികം അധ്വാനിക്കുകയും ചെയ്താണ് എഞ്ചിനീയറായത്. അവളുടെ പഠനമുറിയിൽ പോയിരുന്നതും അവൾ ചെയ്ത ജോലികൾ കണ്ടതും ഓർക്കുന്നു. കെട്ടിടങ്ങളും പാലങ്ങളും വരയ്ക്കുകയാണ് അവളുടെ ജോലിയെന്നാണ് ഞാൻ കരുതിയത്. പക്ഷേ, അവൾ വരച്ച ചിത്രങ്ങൾ കണ്ടിട്ട് അത്ഭുതം തോന്നി. എനിക്കൊന്നും മനസ്സിലായതുമില്ല. വളരെ പ്രയാസമുള്ളതും സങ്കീർണവുമായ ചിത്രങ്ങളായിരുന്നു അവ. എന്തെന്ന് മനസ്സിലാവാത്ത വളരെയധികം വരകളും രൂപങ്ങളും. എന്താണിതൊക്കെയെന്ന് ചോദിച്ചതിന് അവൾ പറഞ്ഞത് അത്തരം ചിത്രങ്ങൾക്കനുസരിച്ചാണ് കെട്ടിടങ്ങൾ പണിയുന്നതെന്നായിരുന്നു.' സിവിൽ എഞ്ചിനീയറിംഗ് ഇത്ര പ്രയാസമുള്ളതാണെന്ന് കരീം കരുതിയിരുന്നില്ല. കൂടാതെ ഇത്ത പറഞ്ഞതനുസരിച്ച്, അവൾ രൂപം വരയ്ക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അതിനുശേഷം, ജോലിക്കാർ പലതരം ഉപകരണങ്ങളും സാധനങ്ങളും ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമിക്കുന്നു.

കരീം: ഇതു കൗതുകമുള്ള കാര്യംതന്നെ. സൈനബിനെപ്പോലുള്ളവർ മുൻകൂട്ടി



വരയ്ക്കുന്ന പ്ലാനുകൾ ഉപയോഗിച്ചാണല്ലോ നാം വീടുകളുണ്ടാക്കുന്നത്. നിങ്ങൾ ചെയ്യുന്നതെല്ലാം വലിയ കാര്യംതന്നെ. എന്റെ ഇത്ത വളരെ സങ്കീർണമായ കണക്കുകളുമായി ഇരുന്ന് ജോലി ചെയ്യുന്നത് ഞാൻ കാണാറുണ്ട്.

ഇംറാൻ: നീ പറഞ്ഞത് ശരിയാണ് കരീം. സൈനബിനെക്കുറിച്ച് ഞാനും ആലോചിക്കുകയായിരുന്നു. നമ്മുടെ ഈ കൊച്ചുകൂട്ടുകാരും വളരെയധികം അധ്വാനിക്കുന്നുണ്ട്. ഇതും ഈ കൊച്ചു കൂട്ടുകാർക്ക് അല്ലാഹു നൽകിയ നൈപുണ്യത്തെക്കുറിച്ച് വിളിച്ചോതുന്നുണ്ട്. കൊച്ചുകൂട്ടുകാരേ, ഞങ്ങൾക്ക് തമ്പിലേക്ക് തിരിച്ചുപോകാൻ സമയമായി. ഞങ്ങൾക്ക് നിങ്ങളോട് വളരെയധികം നന്ദിയുണ്ട്. ആകാംക്ഷയോടെ കരീം ചോദിച്ച ചോദ്യങ്ങൾക്കെല്ലാം നിങ്ങൾ മറുപടി തന്നു. ഇനി നമുക്ക് പിരിയാം.

കരീം: നന്ദി കൂട്ടുകാരേ. ഈ സംഭാഷണം എന്നെ വളരെയധികം ആസ്വദിപ്പിച്ചു. പക്ഷേ, ഞാൻ വിടപറയുന്നില്ല. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ ഇനിയും നിങ്ങളെ സന്ദർശിക്കാൻ എനിക്കാഗ്രഹമുണ്ട്.

ബീവറമ്മാവനും അമ്മായിയും: ശരി കരീം, നീ ആഗ്രഹിക്കുമ്പോഴെല്ലാം നിനക്ക് ഞങ്ങളെ സന്ദർശിക്കാം. ഞങ്ങളുടെ വീടുപണി പൂർത്തിയായാൽ കാണാൻ വരാം. പോയി വരൂ കരീം.

ബീവറുകൾ ചെയ്യുന്ന പണികളിൽ കരീം വളരെയധികം ആശ്ചര്യപുളകിതനായിരുന്നു. അവന്റെ സംശയങ്ങൾക്കെല്ലാം മറുപടി ലഭിക്കുകയും ചെയ്തു. അവൻ മനസ്സിലാക്കിയ കാര്യം ക്യാമ്പിൽ ചെന്ന് മറ്റുള്ളവരോട് പറയാൻ കരീമിന് തിടുക്കമായി.





## സ്രഷ്ടാവ് അല്ലാഹു

കൂട്ടുകാരേ, ബീവറുകളെയും സൃഷ്ടിച്ചത് അല്ലാഹുവാണ്. കരീമിനോടൊപ്പം നിങ്ങളും ബീവറുകളെക്കുറിച്ച് മനസ്സിലാക്കി. നിങ്ങൾ കണ്ടതുപോലെ, ജന്മനാ നേടിയ കഴിവുകളിലൂടെ കരീമിന്റെ ഈ കൊച്ചുകൂട്ടുകാർ വീടുകൾ പണിയുന്നു. യഥാർഥത്തിൽ സങ്കീർണവും പ്രയാസകരവുമായ ജോലിയാണത്. വളരെയധികം നിപുണതയോടെ ഇവയ്ക്ക് ഈ ജോലി ചെയ്യാൻ സാധിക്കുന്നു. കരീമിന്റെ ഇത്തയെപ്പോലെ അവ സ്കൂളിലോ കോളേജിലോ പോവുകയോ പരിശീലനം നേടുകയോ ചെയ്തിട്ടില്ല. പക്ഷേ, എങ്ങനെ പ്രവർത്തിക്കണമെന്ന് അവയ്ക്ക് വളരെ കൃത്യമായി അറിയാം. കാരണം, ഒരു വലിയ ശക്തിയാണ് അവരെയത് പഠിപ്പിക്കുന്നത്. അവനാണ് അല്ലാഹു. നമ്മെയടക്കം എല്ലാറ്റിനെയും സൃഷ്ടിച്ചവനാണവൻ.

ഓർക്കുക! ഒരു ബീവറിന് ഡാം നിർമിക്കാനുള്ള കഴിവ് യാദൃച്ഛികമായി ലഭിക്കുകയില്ല. സ്വന്തം ശരീരം തന്റെ ആവശ്യങ്ങൾക്കനുസരിച്ച് നിർമിക്കുകയെന്നതും അവയ്ക്കസാധ്യമാണ്. വെള്ളത്തിന്റെ മർദ്ദം താങ്ങുന്ന പ്രത്യേക ആകൃതിയിലും ഉറപ്പിലും ഡാമുകൾ നിർമിക്കുവാൻ അവ സ്വയം കണ്ടെത്തിയതുമല്ല. അതിലെല്ലാമുപരി, ഈ കഴിവുകൾ മറ്റു ബീവറുകൾക്കും ഉണ്ടെന്ന് ഉറപ്പുവരുത്താനും അവയ്ക്കു സാധിക്കുകയില്ല.

മറ്റൊരു പ്രധാന കാര്യം കൂടി ശ്രദ്ധിക്കുക: അവയ്ക്കിപ്പോഴുള്ള കഴിവുകളിലൊന്നെങ്കിലും ഇല്ലെങ്കിൽ അവയ്ക്ക് ജീവിക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന്, അവയുടെ പല്ലുകളെക്കുറി





ഓരോ ജീവിയെ ക്കുറിച്ചും വായി ക്കുമ്പോഴും കാണുമ്പോഴും ദൈവത്തിന്റെ മികച്ച സൃഷ്ടികളാ ണവയെന്ന കാര്യം നാം ഓർക്കണം.





ച്ചോർക്കുക. മുൻപല്ലുകളെപ്പോലെ വളരുന്നവയാണ് പിൻപല്ലുകളുമെങ്കിൽ അവയ്ക്ക് വായ ഉപയോഗിക്കാൻ പറ്റാതെയാകുമായിരുന്നു.

പിന്നെയെങ്ങനെയാണ് മരങ്ങൾ കരണ്ടുമുറിക്കുകയും ഡാമുകൾ പണിയുകയും ചെയ്യുക? എങ്ങനെയവ വീടുണ്ടാക്കും? തീർച്ചയായും അവയ്ക്കീ പണികളൊന്നും ചെയ്യാൻ കഴിയാതെ വരും. വായയുടെ രൂപം മാറുന്നതുമൂലം ആഹാരം കഴിക്കാൻപോലും കഴിയുകയില്ല. അങ്ങനെയവ പട്ടിണികിടന്ന് ചാകേണ്ടിവരും.

കൂടാതെ മറ്റു പല അവയവങ്ങളും അവയ്ക്ക് ജോലികൾ നിർവഹിക്കുവാനാവശ്യമാണ്. സുതാര്യമായ കൺപോളകളും ചെവിയിലെയും മൂക്കിലെയും മൂടികളും വെള്ളത്തിനടിയിൽ അവയെ സംരക്ഷിക്കുന്നു. കൂടാതെ നീന്താൻ സഹായിക്കുന്ന, തുഴയാൻ കഴിയുന്ന കാലുകളും പരന്ന വാലും ബീവറുകൾക്ക് ജന്മനാ ലഭിച്ച പ്രത്യേകതകളാണ്.

ഈ കൊച്ചുകൂട്ടുകാർ കരീമിനെ വിസ്മയിപ്പിച്ചതെന്തുകൊണ്ടെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം.

ഈ കൊച്ചുകൂട്ടുകാർക്ക് ഡാം നിർമിക്കാനായി ഈ ശരീരഘടനയും അറിവും കഴിവുമെല്ലാം ജന്മസിദ്ധമാണ്. അല്ലാഹുവിന്റെ സഹായത്തോടെയും പ്രചോദനത്താലുമാണവ വീടുണ്ടാക്കുന്നത്. അവനാണ് ഈ ജീവികളെ സൃഷ്ടിച്ചതും അവയ്ക്ക് ഈ ജന്മസിദ്ധ കഴിവുകൾ നൽകിയതും.

എല്ലാ ജീവികളെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവയുടെ ദൈനംദിന ജോലികൾ പൂർത്തിയാക്കാൻ മതിയായതും അനുയോജ്യവുമായ ഘടനയോടെയും പ്രത്യേകതകളോടെയുമാണ്.

അല്ലാഹു എല്ലാ ജീവികളോടും അനുകമ്പയുള്ളവനാണ്: അല്ലാഹു ഖുർആനിൽ പറയുന്നു:

“നിങ്ങളുടെ ദൈവം അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ അറിവ് എല്ലാ കാര്യത്തെയും ഉൾക്കൊള്ളാൻ മാത്രം വിശാലമായിരിക്കുന്നു.”

“...നിനക്ക് സ്തോത്രം.
നീ പഠിപ്പിച്ചു തന്നതല്ലാത്ത
യാതൊരറിവും ഞങ്ങൾക്കില്ല.
നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും.”
(വിശുദ്ധഖുർആൻ 2:32)